നം.എ3/4784/2019/പ്ര.പ.ക.

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ
തിരുവനന്തപുരം–695001

# വിജ്ഞാപനം

## സ്വാശ്രയമെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.പ്രവേശനം–2019 –20 ബി.പി.എൽ.സ്കോളർഷിപ്പിനുവേണ്ടി ലഭിച്ച അപേക്ഷകളിൻമേൽ ജില്ലാ കളക്ടർമാരുടെ പരിശോധനാ റിപ്പോർട്ടിലെ വെയ്റ്റേജ് മാർക്ക് പ്രസിദ്ധീകരിച്ചു.

06.06.2018 തീയതിയിലെ ജി.ഒ.(എംഎസ്) 107/2018/ആ.കു.വ., 19.07.2018 തീയതിയിലെ ജി.ഒ.(എംഎസ്) 138/2018/ആ.കു.വ, 19.08.2018 തീയതിയിലെ ജി.ഒ.(എംഎസ്) 169/2018/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 2017–18 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിനു പ്രവേശനം നേടിയിട്ടുള്ള ബി.പി.എൽ. വിഭാഗത്തിൽ പ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ രൂപത്തിൽ ഫീസിളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2019–20 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും സ്കോളർഷിപ്പിനു വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിച്ചിരുന്നു. അതിൻ പ്രകാരം 113 അപേക്ഷകൾ കോളേജ് പ്രിൻസിപ്പാൾ മുഖാന്തിരം ഈ കാര്യാലയത്തിൽ ലഭിച്ചു. പ്രസ്തുത അപേക്ഷകൾ എല്ലാം തന്നെ സൂക്ഷ്മ പരിശോധനയ്ക്കും അർഹതാ പരിശോധനയ്ക്കുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അയച്ചിരുന്നു. തുടർന്ന് 23/07/2020 ലെ WP(C)No.7771/2018 കേസിലെ ഉത്തരവ് പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച 06/06/2018– ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.107/2018/ആ.കു.വ റദ്ദാക്കിയിരുന്നു.തുടർന്ന് 27/01/2021 ലെ WP(C)No.25475 & 26683/2020 കേസിലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ജില്ലാ കളക്ടർമാരിൽ നിന്നും നിലവിൽ ലഭിച്ച അപേക്ഷകളിന്മേലുള്ള പരിശോധന റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വെയിറ്റേജ് മാർക്ക് വിവരങ്ങൾ അടങ്ങിയ പട്ടിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ 05/02/2021 –ൽ പ്രസിദ്ധീകരിച്ചിരുന്നു. അതിനുശേഷം ബന്ധപ്പെട്ട ജില്ലാകളക്ടറേറ്റുകളിൽ നിന്നും ലഭിച്ച പരിശോധനാ റിപ്പോർട്ടുകൾ പ്രകാരം വിദ്യാർത്ഥികൾക്ക് ലഭിച്ചിരിയ്ക്കുന്ന വെയിറ്റേജ് മാർക്കുകൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നു. **[മേൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം മുപ്പതോ അതിൽ കൂടുതലോ വെയിറ്റേജ് മാർക്ക് ലഭ്യമായ വിദ്യാർത്ഥികൾക്ക് മാത്രമാണ് ബി.പി.എൽ സ്കോളർഷിപ്പിന് അർഹതയുള്ളത്, (സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗക്കാർ ഒഴികെ), സ്വന്തമായി 1000 ച.അടി ക്കുമേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവനമാർഗമായ ടാക്സി ഒഴികെ), കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ, സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25000/– രൂപയിൽ അധികം പ്രതിമാസ വരുമാനമുള്ളവർ എന്നിവർ ഒഴികെ)]**. പ്രസിദ്ധീകരിച്ചിരിക്കുന്ന വെയിറ്റേജ് മാർക്ക് സംബന്ധിച്ച് ആക്ഷേപം ഉള്ള പക്ഷം ആവശ്യമായ തെളിവുകൾ സഹിതം **2021 മാർച്ച് 10 വൈകുന്നേരം 5 മണിക്ക്** മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ പരാതി തപാൽ മുഖേന നൽകാവുന്നതാണ്. നിശ്ചിത സമയപരിധിയ്ക്കു ശേഷം ലഭിക്കുന്ന പരാതികൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ലഭിക്കുന്ന പരാതികൾ സൂക്ഷ്മ പരിശോധനകൾക്കായി അതാത് ജില്ലാ കളക്ടർമാർക്ക് അയച്ചു നൽകുന്നതും, ആയതിന്മേൽ ജില്ലാ കളക്ടർമാരിൽ നിന്ന് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
01.03.2021

**BPL SCHOLORSHIP 2019 -20 WEIGHTAGE MARK**

| SL No. | Roll No | District | Total Application | Application No. | Name | Name of College | Mark | Remarks |
|---|---|---|---|---|---|---|---|---|
| 1 | 303404 | THIRUVANANTHAPURAM | 12 | 1123459 | Reeshma N | Azeezia Medical College, Kollam | 0 | Not Eligible |
| 2 | 306283 | | | 1135633 | Mohamed Shifas | Azeezia Medical College, Kollam | 36 | Eligible |
| 3 | 302274 | | | 1110374 | Ben Sam | CSI Medical College, Karakkonam | 52 | Eligible |
| 4 | 114292 | | | 1106255 | Manu M | CSI Medical College, Karakkonam | 32 | Eligible |
| 5 | 107648 | | | 1110903 | Nikhil Raj | Travancore Medical College, Kollam | 0 | Not Eligible |
| 6 | 111864 | | | 1106525 | Shehana Navas S N | Al-Azar Medical College, Thodupuzha | 52 | Eligible |
| 7 | 106627 | | | 1195789 | Sruthi B | Sree Narayana Institute of Medical Science, Ernakulam | 20 | Not Eligible |
| 8 | 106839 | | | 1101475 | Sreekanth A S | PK Das Institute of Medical College, Palakkad | 42 | Eligible |
| 9 | 108465 | | | 1162445 | Feba Anil | Mount Zion Medical College, Adoor | 29 | Not Eligible |
| 10 | 301574 | | | 1104128 | Sulthana Sumayya F | Mount Zion Medical College, Adoor | 37 | Eligible |
| 11 | 111281 | | | 1106593 | Nizamudeen.N | Azeezia Medical College, Kollam | 32 | Eligible |
| 12 | 104742 | | | 1161121 | Adarsh S Chandran | Mount Zion Medical College, Adoor | 23 | Not Eligible |
| 13 | 141209 | PATHANAMTHITTA | 2 | 1187230 | Shona Jarley | Pushpagiri Institute of Medical Science, Thiruvalla | 0 | Not Eligible |
| 14 | 312131 | | | 1145399 | Mathews Joenathan | Pushpagiri Institute of Medical Science, Thiruvalla | 0 | Not Eligible |
| 15 | 313149 | IDUKKI | 1 | 1159309 | Zainaba khaleel | MES Medical College, Malappuram | 41 | Eligible |
| 16 | 183574 | THRISSUR | 8 | 1175466 | Muhammed Nafih P M | KMCT Medical College, Kozhikkode | 35 | Eligible |
| 17 | 169341 | | | 1143557 | Amalkrishna P S | Azeezia Medical College, Kollam | 26 | Not Eligible |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 18 | 308016 | | | 1149392 | Angel Mary K J | Mount Zion Medical College, Adoor | 32 | Eligible |
| 19 | 323140 | | | 1215418 | Keerthana T A | Believers Church Medical College Hospital, Thiruvalla | 26 | Not Eligible |
| 20 | 165037 | | | 1109981 | Joma Mariya Johnson | Amala Institute of Medical College, Thrissur | 29 | Not Eligible |
| 21 | 160842 | | | 1129934 | Aneeta Gilson | Amala Institute of Medical College, Thrissur | 0 | Not Eligible |
| 22 | 170455 | | | 1201071 | Shameen | MES Medical College, Malappuram | 6 | Not Eligible |
| 23 | 316122 | | | 1177405 | Lamya Shaukath Koroth | KMCT Medical College, Kozhikkode | 6 | Not Eligible |

COMMISSIONER FOR ENTRANCE EXAMINATIONS